മാതൃഭൂമി

Mathrubhumi Seed

പ്രസിദ്ധീകരണം

ആകാശപ്പച്ച

പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 42 MARCH 2025

ആകാശപ്പച്ച

CONTENTS

എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16

Cover photo: Freepic



കുരുവികൾ സന്തോഷത്തോടെ കാട്ടിലേക്ക്...

വെറുതേ ഒരു തലക്കെട്ടല്ല ഇത്. വളരെ പ്രാധാന്യമുള്ള ചില കാര്യങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. മാർച്ച് 20 വേൾഡ് സ്പാരോ ഡേയാണ്. ഒപ്പം ഇന്റർനാഷണൽ ഡേ ഓഫ് ഹാപ്പിനെസും. മാർച്ച് 21 ആകട്ടെ ഇന്റർനാഷണൽ ഡേ ഓഫ് ഫോറസ്റ്റും മാർച്ച് 22 വേൾഡ് വാട്ടർ ഡേയുമാണ്. ഒരു കുഞ്ഞിക്കുരുവിയെ സംരക്ഷിക്കുന്നതു മുതൽ നമ്മുടെ വലിയ കടമകൾ തുടങ്ങുകയാണ്. അതിൽ സന്തോഷം കണ്ടെത്താനായാൽ പതുക്കെപ്പതുക്കെ നമുക്ക് കാടും ജലവുമെല്ലാം സംരക്ഷിച്ച് നിലനിർത്താനാവും. അടുത്തടുത്ത് വരുന്ന ഈ ദിനാചരണങ്ങളെച്ചുറ്റിപ്പറ്റി ഒന്ന് വട്ടംകറങ്ങി ആലോചിച്ചു നോക്കൂ, പ്രകൃതിയെ എങ്ങനെയൊക്കെ സംരക്ഷിക്കാമെന്ന്.

എഡിറ്റോറിയൽ

ശരിവഴികൾ

മുൻപില്ലാത്തവിധം വിദ്യാർത്ഥികൾ വാർത്തകളിൽ ഇടംപിടിക്കുന്ന കാലമാണിത്. ഉന്നത വിജയങ്ങളോ കലാരംഗത്തെ മികവോ ഒന്നുമല്ല ഈ വാർത്താപ്രാധാന്യത്തിന് കാരണം എന്നതാണ് പ്രധാനം. കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവാർത്തകളാണ് ആശങ്കയുണ്ടാക്കുന്നത്. അക്രമങ്ങളിലൂടെ ഒരാൾ കേമനോ, മിടുക്കനോ ആകുന്നില്ല. അക്രമവാസനയുള്ള സഹപാഠികൾക്കുവേണ്ടി കയ്യടിക്കേണ്ടവരുമല്ല, മറ്റുവിദ്യാർത്ഥികൾ. കണക്കും സയൻസുമൊക്കെ തെറ്റുകൂടാതെ പഠിക്കുന്നതുപോലെ തന്നെ നല്ല പൗരരായി സമൂഹത്തിൽ ജീവിക്കാനുള്ള കഴിവും വിദ്യാഭ്യാസത്തിൽ നിന്ന് ലഭിക്കേണ്ടതാണ്. കേവലം 20– 25 വർഷം നീളുന്ന വിദ്യാഭ്യാസകാലം അതിലും എത്രയോ നീണ്ടകാലം ജീവിക്കാനുള്ള ശരിവഴികൾ മനസ്സിലാക്കാനുള്ള സമയമാണ്. നല്ല സമൂഹം ഉണ്ടാകുന്നതിനുള്ള നല്ല ശീലങ്ങൾ തീർച്ചയായും വിദ്യാലയങ്ങളിൽ നിന്നാണ് മുളപൊട്ടേണ്ടത്. അത് മനുഷ്യർ തമ്മിലുള്ള സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ചില്ലകളായി പടർന്നുവളരണം. ആ ചില്ലകൾ മഹാവൃക്ഷമായി തണൽ വിരിക്കണം. അപ്പോഴാണ് വിദ്യാഭ്യാസം അർത്ഥവത്താകുന്നത്. അക്രമത്തിലൂടെയല്ല, നന്മയിലൂടെയാണ് നാം ഒന്നാമതെത്തേണ്ടത്.

കാടിറങ്ങുന്ന വന്യജീവികൾ

കേരളത്തിലെ വനാതിർത്തിഗ്രാമങ്ങളിൽ, വന്യജീവികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ക്രമാതീതമായി വർധിച്ചിരിക്കുന്നു. കടുവയും ആനയുമെല്ലാം കാടിറങ്ങുന്നു. അതിജീവനത്തിനുള്ള തീവ്രശ്രമത്തിലാണ് അവ. വനവിസ്തൃതിയിൽ വന്ന കുറവ്, അതിർത്തി ഗ്രാമങ്ങളിൽ വർധിച്ചുവരുന്ന ജനസാന്ദ്രത, വന്യജീവികളുടെ സഞ്ചാരപാതകളിലുണ്ടായ മാറ്റം എന്നിവ മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം കൂടാൻ കാരണമായി.

തോട്ടങ്ങളുടെയും കൃഷിഭൂമിയുടെയും വികസനം വനസാന്ദ്രത കുറയ്ക്കുന്നുമുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന വരൾച്ചയും അതിവർഷവും കാട്ടിലെ ജീവിതക്രമം തെറ്റിക്കുന്നു. മനുഷ്യാവശ്യങ്ങൾക്കായി വനം കൂടുതൽ ഉപയോഗിക്കുമ്പോൾ വന്യജീവികളുടെ അതിജീവനത്തിന് ആവശ്യമായ ആവാസസ്ഥലങ്ങൾ പരിമിതപ്പെടുകയാണ്. കാട്ടുതീയും മറ്റും മൂലം ഭക്ഷ്യക്ഷാമം, ജലദൗർലഭ്യം തുടങ്ങിയ പ്രശ്നങ്ങളും ജീവികൾ നേരിടേണ്ടി വരുന്നു. ആവാസകേന്ദ്രം വിട്ട് മറ്റിടങ്ങളിലെത്താൻ വന്യജീവികൾ നിർബന്ധിക്കപ്പെടുന്നു.

സഫ്രീന ബഷീർ
എച്ച്. ഐ. എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ
ആനയിടുക്ക്, താണ, കണ്ണൂർ

കേരളം അറിയാൻ

ഒരു വലിയ വില്ലൻ

പ്രകൃതിരമണീയമായ ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ ഇന്ന് നാം നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാത്തതുകൊണ്ട് കേരളത്തിന്റെ മനോഹാരിത മങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ചുറ്റുപാട് നിരീക്ഷിച്ചാൽ എവിടെയും സുലഭമായി കാണാൻ കഴിയുന്ന വസ്തുവാണ് പ്ലാസ്റ്റിക്. നഗരത്തിലും ഗ്രാമത്തിലും പുഴയിലും കടലിലും കാട്ടിലുമെല്ലാമുണ്ട് പ്ലാസ്റ്റിക്. മരുന്നുകളുടെ പ്ലാസ്റ്റിക് കവർ മുതൽ കാഴ്ചയ്ക്കുവയ്ക്കുന്ന പൂക്കൾ വരെയുണ്ട് പ്ലാസ്റ്റിക് മാലിന്യത്തിൽ. നമ്മുടെ സമൂഹത്തിൽ ചെറുതും വലുതുമായ നിരവധി പ്രശ്നങ്ങൾക്ക് പ്ലാസ്റ്റിക് മാലിന്യം കാരണമാകുന്നുണ്ട്. പ്ലാസ്റ്റിക്കിന് ഒരു ബദൽ അനിവാര്യമാണ്. അത് യാഥാർത്ഥ്യമാവുന്നതുവരെ പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നതിൽ അതീവ ശ്രദ്ധവേണം. വിദ്യാലയങ്ങളിൽ പ്ലാസ്റ്റിക് ശേഖരിച്ചു നൽകുന്നതു പോലെ എല്ലാവരും ചെയ്താൽ, പ്ലാസ്റ്റിക് മാലിന്യം കൊണ്ടുള്ള ദോഷത്തെ അല്പമെങ്കിലും നമുക്ക് കുറയ്ക്കാൻ സാധിക്കും.

മർവ കദീജ എൻ.
ക്രസന്റ് ഇംഗ്ലീഷ് സ്കൂൾ, അജാനൂർ
കാസർകോട്

ഹമ്മിങ് ബേഡ്

ലോകത്തിലെ ഏറ്റവും ചെറിയ പക്ഷി. വലിപ്പം 5 സെന്റി മീറ്ററിൽ താഴെ, ഭാരം 2 ഗ്രാം മാത്രം. ഇവയ്ക്ക് പിന്നോട്ട് പറക്കാനുള്ള കഴിവുണ്ട്. ഈ കുടുംബത്തിൽ 300-ൽ അധികം വർഗ്ഗങ്ങൾ ഉൾപ്പെടുന്നു. തിളങ്ങുന്ന നിറങ്ങൾ, അതിവേഗ ചിറകടിക്കൽ, ശരീരവലുപ്പത്തിന് ആപേക്ഷികമായി നോക്കിയാൽ വലിയ ഹൃദയം എന്നിവ ഹമ്മിങ് ബേഡുകളുടെ സവിശേഷതകളാണ്. പൂക്കളിലെ തേനാണ് പ്രധാനഭക്ഷണം. ചെറിയ കീടങ്ങളെയും ഇവ ഭക്ഷിക്കാറുണ്ട്.

ആരാധ്യ എച്ച്. റാം
എം. ഇ. എസ്. സെൻട്രൽ സ്കൂൾ
പാലങ്ങാട്, കോഴിക്കോട്

ഈ ഫോട്ടോ കാണാം

കനോലി കനാൽ താനൂർ

ടി. മുഹമ്മദ് (അധ്യാപകൻ)
കെ. എച്ച്. എം. എച്ച്. എസ്. എസ്.
വാളക്കുളം, മലപ്പുറം

മാതൃഭൂമി ആകാശപ്പച്ച
2025 മാർച്ച്

കൃഷിക്കാര്യം



വാഴപ്പിണ്ടിയിലെ ഉള്ളികൃഷി

കാർഷിക സാങ്കേതികവിദ്യയിൽ നൂതനാശയങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത വളരെ വലുതാണ്. അത്തരം ഒന്നാണ് 'വാഴപ്പിണ്ടിയിലെ ഉള്ളികൃഷി' കേൾക്കുമ്പോൾ തന്നെ അല്പം കൗതുകം തോന്നുന്നുണ്ടല്ലേ? തികച്ചും എളുപ്പവും കൗതുകം നിറഞ്ഞതുമായ ഒന്നാണ് ഈ കൃഷി രീതി. വാഴക്കുല വെട്ടിക്കഴിഞ്ഞാൽ നമ്മൾ പലരും വാഴപ്പിണ്ടി വെറുതെ കളയും. എന്നാൽ വാഴപ്പിണ്ടി നിവർത്തിക്കിടത്തി, കത്തികൊണ്ട് തുളകൾ ഉണ്ടാക്കി അതിൽ ചെറിയ ഉള്ളി നേരാംവണ്ണം നിൽക്കാൻ പാകത്തിന് നടുക. വെയിൽ കൊള്ളുന്ന സ്ഥലത്ത് തന്നെയാണ് ഇത് വയ്ക്കേണ്ടത്. ഉള്ളിയുടെ പുതിയ തണ്ടുകൾ കിളിർത്ത് നന്നായി വളരും. ഇത് വീട്ടിലും സ്കൂളിലും പരീക്ഷിച്ചു നോക്കാം.

ഫസീഹ് റഹ്മാൻ എൻ.
അധ്യാപക കോഡിനേറ്റർ
ജി.യു.പി.എസ്.ഭീമനാട്
പാലക്കാട്



സിനിമാപാട്ടിലെ പ്രകൃതി

പുഴകൾ... മലകൾ...

പുഴകൾ മലകൾ പൂവനങ്ങൾ
ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാരച്ചാമരം വീശുന്ന
ചന്ദനശീതള മണപ്പുറങ്ങൾ

പ്രകൃതിയുടെ ജീവചൈതന്യം നിറഞ്ഞുനിൽക്കുന്ന വരികളും സംഗീതവും ആലാപനമാധുര്യവും കൊണ്ട് ആസ്വാദകഹൃദയങ്ങളിൽ ആഴത്തിൽ പതിഞ്ഞ ഗാനമാണിത്. നദി എന്ന സിനിമയിലെ ഈ ഗാനം എന്നും മലയാളികൾക്ക് പ്രിയപ്പെട്ടതാണ്. പ്രകൃതിയുടെ വരദാനങ്ങൾ കോർത്തിണക്കിയ ഈ വരികളിലൂടെ അനുവാചകർ നമ്മുടെ നാടിന്റെ അപൂർവ സൗന്ദര്യം നുകരുന്നു. 'ഇവിടമാണദ്വൈത ചിന്തതൻ കാലടി പതിഞ്ഞൊരു തീരം' എന്ന വരികൾ ചരിത്രമുറങ്ങിക്കിടക്കുന്ന പെരിയാറിന്റെ മഹത്വത്തിലേക്കും വാതിൽ തുറക്കുന്നു.

വരികൾ : വയലാർ രാമവർമ്മ
സംഗീതം: ജി. ദേവരാജൻ
പാടിയത് : കെ ജെ യേശുദാസ്

ഫായിസ് അമീൻ
നളന്ദ പബ്ലിക് സ്കൂൾ, തമ്മനം
എറണാകുളം

നിറങ്ങളിൽ നീരാടുന്ന ഒരു നദി

ഏകദേശം 52 വർഷം മുൻപാണ് ആമസോൺ വനത്തിന്റെ അതിർത്തിയിൽ ഒരിടത്ത് കന്നുകാലികളെ മേച്ചു നടന്ന ചിലർ ആ കാഴ്ച കണ്ടു ഞെട്ടിയത്. ഒരു മഴവില്ല് നദി! ഈ നദി '5 നിറങ്ങൾ ഉള്ള നദി' എന്നും അറിയപ്പെടുന്നു . ഈ നദിയുടെ യഥാർത്ഥ പേരാണ് ക്യാനോ ക്രിസ്റ്റേൽസ്. ജൂലൈ മുതൽ നവംബർ വരെയാണ് നദിയിൽ മഴവിൽ പ്രത്യക്ഷപ്പെടുക. മഞ്ഞ, പച്ച, നീല, കറുപ്പ്, ചുവപ്പ് തുടങ്ങിയ നിറങ്ങൾ കാണാം. കൊളംബിയയിലെ സെറാനിയ ഡി ലാ മകറീന എന്ന ദേശീയോദ്യാനത്തിലാണ് ഈ നദി. ഈ നദിക്ക് അരികിലായി ധാരാളം അപൂർവ്വ ചെടികളും മൃഗങ്ങളും ഉണ്ട്. മഴവിൽ നദിയിൽ നിറങ്ങൾ ഉണ്ടാകാൻ കാരണം മകറേനിയ ക്ലാവിഗെറ എന്ന ഒരിനം ആൽഗകൾ ആണ് ചുവപ്പുനിറത്തിനു കാരണം. പാറകളിൽ ഉള്ളതാണ് കറുപ്പ് നിറം. വെള്ളത്തിന്റെ നീല നിറം, മഞ്ഞ നിറമുള്ള മണ്ണ്. ഇതൊക്കെയാണ് നദിയിൽ മഴവിൽ ഉണ്ടാകാൻ കാരണം.

അദ്വൈത് പി.എം., ക്ലാസ് -5
ഗവ.യു.പി.സ്കൂൾ വണ്ടിപ്പെരിയാർ
ഇടുക്കി

സന്ധ്യയ്ക്ക് ചൂളം വിളിച്ചാൽ

സന്ധ്യക്ക് ചൂളം വിളിക്കരുതെന്ന് പണ്ട് കാലത്ത് പറയുമായിരുന്നു. അങ്ങനെ ചെയ്താൽ പാമ്പ് വീട്ടിൽ വരും എന്നാണ് വിശ്വാസം. പാമ്പുകൾക്ക് ശരീരത്തിനു പുറമെ ചെവി ഇല്ല. അവർ പരിസരത്തുള്ള ജൈവീക ചലനങ്ങൾ തിരിച്ചറിയുന്നത് കമ്പനങ്ങളിലൂടെയാണ്. ശബ്ദ തരംഗങ്ങൾ ഉണ്ടാക്കുന്ന പ്രകമ്പനങ്ങൾ തിരിച്ചറിഞ്ഞാണ് പാമ്പുകൾ സഞ്ചരിക്കുക. ചൂളം വിളിക്കുന്നത് പാമ്പുകൾക്ക് എന്തെങ്കിലും തരത്തിൽ വീട്ടിലേക്കു വരുവാനുള്ള പ്രേരണ നൽകുമോ എന്ന് ശാസ്ത്രീയമായി തെളിയിച്ചിട്ടില്ല. ചൂളമടിക്കുന്ന ശബ്ദം പ്രത്യേക ആവൃത്തിയിലുള്ളതായതിനാൽ ഇത് പാമ്പുകൾക്ക് കൂടുതൽ വേഗത്തിൽ തിരിച്ചറിയാനാവുമെന്നോ മറ്റോ കരുതിയാവണം ചൂളമടിക്കരുതെന്ന നിർദ്ദേശം ഉണ്ടായത്.

ജി.മഞ്ജു, സീഡ് കോഡിനേറ്റർ
സെന്റ്. ബോനിഫേസ് യു.പി.എസ്.
പട്ടിത്താനം, കോട്ടയം

ജലപിശാച്!

പോണ്ടെഡീരിയ ക്രാസിപ്പസ് – ഈ പേരുവായിച്ച് ഭയപ്പെടേണ്ട. നമ്മുടെ ജലാശയങ്ങൾക്കു മുകളിൽ തിങ്ങിവളരുന്ന പോളയുടെ യഥാർത്ഥപേരാണ്. Common water hyacinth എന്നാണ് പൊതുവെ അറിയപ്പെടുന്നത്. 1896- ൽ ഇന്ത്യയിലേക്ക് എത്തിയ ഈ തെക്കേ അമേരിക്കൻ ജലസസ്യം ഇന്ന് ലോകത്തെ പല ജലാശയങ്ങൾക്കും ഭീഷണിയാണ്. ഇവ ജലോപരിതലത്തിൽ പടരുന്നതോടെ ജലത്തിനടിയിലേക്ക് സൂര്യപ്രകാശം എത്താതെ ജലസസ്യങ്ങളുടെ പ്രകാശസംശ്ലേഷണം കുറയുന്നു. അങ്ങനെ ജലത്തിലെ ഓക്സിജന്റെ അളവും ജലഗുണനിലവാരവും കുറയുന്നു. സ്വാഭാവിക ജലസസ്യങ്ങളെ ഇല്ലാതാക്കുന്നതിലും ഇവയക്ക് പങ്കുണ്ട്. ജലപാതകൾ തടസ്സപ്പെടുത്തി പടർന്നു കേറുന്ന ഇവ മത്സ്യബന്ധനത്തെയും പ്രതികൂലമായി ബാധിക്കുന്നു. വലിയ പരിസ്ഥിതി, സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ പോളയുടെ വ്യാപനത്തിൽ ഫലപ്രദമായ നിയന്ത്രണം ആവശ്യമാണ്.

രാമനാരായണൻ
ജി.യു.പി.എസ്. ഉഴുവ
ആലപ്പുഴ

പൂവറിവ്

ഗരുഡപ്പൂവ്

മനോഹരവും കൗതുകമുണർത്തുന്നതും വളരെ അപൂർവവുമായ ഒരു ഔഷധസസ്യമാണ് ഗേപ്പിങ് ഡച്ച് മാൻസ് പൈപ്പ്. അരിസ്റ്റോലോചിയ റിംഗൻസ് എന്നതാണ് ശാസ്ത്രീയ നാമം. മലയാളത്തിൽ ഗരുഡപ്പൂവ്, തത്തപ്പൂവ്, കിളിപ്പൂവ്, പൂപ്പക്ഷി എന്നീ പേരുകളിൽ അറിയപ്പെടുന്നു. ബ്രസീലാണ് ഈ സസ്യത്തിന്റെ ജന്മദേശം. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ധാരാളമായി കാണാറുണ്ട്. ഇന്ത്യയിൽ ഇത് വിരളമായി മാത്രമേ കാണപ്പെടുന്നുള്ളു. വള്ളിച്ചെടിയായി പടർന്നു കയറുന്നതാണ് ഇവ. അലങ്കാര സസ്യമായും മുറ്റത്ത് തണൽ പന്തലായും വളർത്താറുണ്ട്. ഈ ചെടിയുടെ വേരുകൾ ചില പ്രദേശങ്ങളിൽ ചികിത്സക്കായി ഉപയോഗിക്കാറുണ്ട്. ബൾബ് പോലെ ശരീരവും നീണ്ട വാലും ഉള്ള പൂക്കൾ ഒരു പക്ഷിയെപ്പോലെ കാണപ്പെടുന്നു.

സൗപർണ്ണിക എസ്.
ഗവ.യു.പി. എസ്. പൂഴിക്കാട്
പത്തനംതിട്ട

വയൽ നാട്

പച്ചപ്പാലുടുപ്പിട്ട
മലരണിക്കാടുകൾ
തിങ്ങിനിറഞ്ഞൊരു മലനാട്
കളകളമൊഴുകുന്ന
ചെറുപുഴ പോൽ
പാടിപ്പോകും കൊച്ചരുവി
പച്ചപ്പാർന്ന വയലുകളും
തിങ്ങിനിറഞ്ഞൊരു നാട്.

അവനി കൃഷ്ണ എ., ക്ലാസ് -4
ജി.യു.പി.എസ്.
കമ്പളക്കാട്, വയനാട്

ആഴം

ഗ്രാമത്തിലാണ് മീഖ എന്നു പേരുള്ള പെൺകുട്ടിയുടെ വീട്. അവളുടെ അമ്മയും അച്ഛനും കർഷകരാണ്. അവരൊന്നും സ്കൂളിലൊന്നും പോയിട്ടില്ല. ഒരിക്കൽ മീഖ കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോൾ അതുവഴി പല നിറങ്ങളുള്ള ഒരു ജീവി പറന്നുപോകുന്നത് അവൾ കണ്ടു. പക്ഷേ, അത് ഏതു ജീവിയാണെന്ന് അവൾക്ക് അറിയില്ലായിരുന്നു. മീഖ വേഗത്തിൽ വീട്ടിലേക്ക് ഓടി. അവളുടെ വീട്ടിൽ ഒരു പുസ്തകം ഉണ്ടായിരുന്നു. കൊച്ചു മീഖ പുസ്തകത്തിലാകെ പരതിനോക്കി. പക്ഷേ, അവൾക്ക് വായിക്കാനും എഴുതാനും അറിയില്ലല്ലോ. മകൾ പുസ്തകം മറിച്ചു നോക്കുന്നതു കണ്ടപ്പോൾ അച്ഛനും അമ്മയ്ക്കും വലിയ സന്തോഷമായി. അവർ അവളെ അടുത്തുള്ള ഒരു സ്കൂളിൽ ചേർത്തു. അങ്ങനെ അവൾ വായിക്കാനും എഴുതാനും അവൾ പഠിച്ചു. ഒടുവിൽ ഒരുദിവസം മീഖ തിരിച്ചറിഞ്ഞു, അന്നുകണ്ട ആ ജീവിയുടെ പേര് ചിത്രശലഭം എന്നാണ്. അവയ്ക്ക് മനോഹരമായ വർണ്ണച്ചിറകുകളുണ്ട്. അന്ന് സ്കൂളിൽ നിന്ന് മടങ്ങുമ്പോൾ അവൾ ചുറ്റുപാടും നോക്കി. ചിത്രശലഭം പാറി വരുന്നുണ്ടോ എന്ന്.

സാന്ദ്ര എം.
എൽ.എം.എസ്.എച്ച്.എസ്.എസ്.
അമരവിള, തിരുവനന്തപുരം

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

**ഒറ്റയ്ക്കുള്ള
വിജയങ്ങൾക്കുപിന്നിലും
ഒരുപാടുപേർ ഉണ്ടാവും**



Published by Mathrubhumi Seed